**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1328** **15.6.2012-ൽ മറുപടിക്ക്**

**മാലിന്യസംസ്ക്കരണത്തിനായി നടപടികൾ**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. കെ.കെ.നാരായണൻ | ശ്രീ.മഞ്ഞളാംകുഴി അലി<br><br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| സംസ്ഥാനത്ത് മാലിന്യസംസ്കരണത്തിന് എവിടെയെല്ലാം എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ? | സംസ്ഥാനത്ത് എല്ലാ കോർപ്പറേഷനുകളിലും 31 നഗരസഭകളിലും 9 ഗ്രാമപഞ്ചായത്തുകളിലും കേന്ദ്രീകൃത രീതിയിൽ ഖരമാലിന്യം സംസ്കരിക്കാനുള്ള സംവിധാനങ്ങൾ നിലവിലുണ്ടെങ്കിലും അത്തരം പ്ലാന്റുകളിലെ പോരായ്മകൾ പരിഹരിക്കാനും ശേഷിക്കുന്ന നഗരസഭകളിൽ ഇതിലേക്കായി വേണ്ട സംവിധാനങ്ങൾ സ്ഥാപിക്കാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. പ്രധാനമായും ഉറവിടങ്ങളിൽ മാലിന്യം സംസ്കരിക്കാനാണ് പ്രാധാന്യം നല്കി വരുന്നത്. ഇതിലേക്കായി എ.പി.ൽ, ബി.പി.എൽ. വ്യത്യാസമില്ല. കൂടാതെ ഖരമാലിന്യ പ്ലാന്റുകൾ ഗാർഹിക തലത്തിൽ സ്ഥാപിക്കുന്നതിനുള്ള സബ്സിഡിയും നല്കിവരുന്നു. പൊതുഖരമാലിന്യ സംസ്കരണത്തിലേക്ക് എത്തുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനുള്ള നടപടികൾക്കാണ് ഇത്തരത്തിൽ ഊന്നൽ നൽകി പ്രവർത്തിച്ചു വരുന്നത്. ഈ സർക്കാരിന്റെ 100 ദിനകർമ്മപരിപാടിയുടെ ഭാഗമായി നഗരസ്വഭാവമുള്ള 100 ഗ്രാമപഞ്ചായത്തുകളിൽ ഖരമാലിന്യസംസ്കരണ സംവിധാനം ഏർപ്പെടുത്താനുള്ള നടപടികളും ഖരമാലിന്യസംസ്കരണ പ്ലാന്റ് നിലവിലുള്ള നഗരസഭകളിൽ അവ കേടുപാടുകൾ പരിഹരിച്ച് കുറ്റമറ്റതാക്കാനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു. |

സെക്ഷൻ ഓഫീസർ